# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 221 — 03/02/2020-ൽ മറുപടിക്ക്

### കുർക്കുമിൻ വേഫർ സാങ്കേതിക വിദ്യ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **പിണറായി വിജയൻ (മുഖ്യ മന്ത്രി)** |
| എ) ക്യാൻസർ ബാധിച്ച കോശങ്ങൾ നീക്കം ചെയ്ത ശേഷം സമീപ കോശങ്ങളിലേക്ക് പടരാതിരിക്കാനുള്ള കുർക്കുമിൻ വേഫർ സാങ്കേതിക വിദ്യക്ക് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന് യു.എസ്. പേറ്റന്റ് ലഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിക്കു കീഴിൽ പ്രവർത്തിക്കുന്ന ബയോമെഡിക്കൽ ടെക്നോളജി വിംഗിലെ ശാസ്ത്രജ്ഞയായ ഡോ.ലിസി കൃഷ്ണന്റെ നേതൃത്വത്തിലാണ് കുർക്കുമിൻ വേഫർ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്. ഐ.സി.എം.ആർ ന്റെ സാമ്പത്തിക സഹായത്തോടെയായിരുന്നു പഠനം. |
| ബി) ഈ സാങ്കേതിക വിദ്യ മൂലം, ക്യാൻസർ ചികിത്സാ രംഗത്ത് എന്ത് മുന്നേറ്റം ഉണ്ടാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) | മഞ്ഞളിൽ നിന്ന് വേർതിരിച്ചെടുക്കുന്ന കുർക്കുമിന് ക്യാൻസറിനെ പ്രതിരോധിക്കാൻ കഴിയുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ജലത്തിൽ ലയിക്കാത്തതിനാൽ ശരീരത്തിന് കുർക്കുമിനെ ആഗിരണം ചെയ്യാൻ കഴിയുകയില്ല. ഈ പ്രശ്നത്തിനുള്ള പരിഹാരമാണ് ശ്രീചിത്ര വികസിപ്പിച്ചെടുത്തിരിക്കുന്ന കുർക്കുമിൻ വേഫർ സാങ്കേതികവിദ്യ. ഇത് ഉപയോഗിച്ച് കുർക്കുമിൻ നേരിട്ട് കോശങ്ങളിലെത്തിക്കാൻ സാധിക്കും. ക്യാൻസർ ബാധിച്ച കോശങ്ങൾ നീക്കം ചെയ്തതിനു ശേഷം സമീപ കോശങ്ങളിലേക്ക് രോഗം പടരുന്നത് തടയാൻ കുർക്കുമിനൊപ്പം ആൽബുമിൻ, ഫൈബ്രിനോജൻ എന്നിവ സംയോജിപ്പിച്ച് വികസിപ്പിച്ചെടുത്തിരിക്കുന്ന കുർക്കുമിൻ വേഫറിന് കഴിയുമോയെന്ന് പഠനങ്ങളിൽക്കൂടി തെളിയിക്കേണ്ടതുണ്ട്. നിയമപരമായ മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനു ശേഷം മരുന്ന് കമ്പനികൾക്ക് ഈ സാങ്കേതിക വിദ്യ മൃഗങ്ങളിലും തുടർന്ന് മനുഷ്യരുടെ ക്യാൻസറിലും പരീക്ഷിച്ച് ഔഷധമൂല്യം തെളിയിക്കാനായാൽ ഭാവിയിൽ ചികിത്സയ്ക്ക് ഉപകരിച്ചേക്കാം. ഇതിനായി കുർക്കുമിൻ വേഫർ സാങ്കേതികവിദ്യ താമസിയാതെ മരുന്ന് ഗവേഷണ സ്ഥാപനങ്ങൾക്കോ കമ്പനികൾക്കോ കൈമാറും. |

സെക്ഷൻ ഓഫീസർ